പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1097

11.7.2011 ൽ മറുപടിക്ക്

## സി-ഡിറ്റിലെ ദിവസവേതന ജീവനക്കാർക്ക് അനുവദിക്കുന്ന ക്ഷാമബത്ത

**ചോദ്യം**

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ

**ഉത്തരം**

ശ്രീ. കെ.സി. ജോസഫ്
(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി)

എ) സി-ഡിറ്റിലെ ദിവസ വേതന ജീവനക്കാർക്ക് സർക്കാർ അനുവദിക്കുന്ന ക്ഷാമബത്ത വർദ്ധനവിന് ആനുപാതികമായി ദിവസ വേതനം പുതുക്കി നൽകിയിട്ടുണ്ടോ; ഇപ്രകാരം ദിവസ വേതനം പുതുക്കി നൽകിയിട്ടുണ്ടെങ്കിൽ അത് എന്ന് മുതലാണ് നിലവിലാക്കിയത്; അത് ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് എന്ന് വ്യക്തമാക്കാമോ; ഇപ്രകാരം തീരുമാനം സ്വീകരിച്ച സമയത്ത് സി-ഡിറ്റിന്റെ രജിസ്ട്രാർ ആരായിരുന്നു എന്ന് വ്യക്തമാക്കുമോ;

എ) ഉണ്ട്. ശ്രീ. കെ.ടി. ബാലഭാസ്കരൻ രജിസ്ട്രാറായി പ്രവർത്തിച്ചിരുന്ന സമയത്ത് 28-7-09 ലെ ജി.ഒ. (പി) നം. 307/2009/ഫിൻ സർക്കാർ ഉത്തരവ് പ്രകാരം സർക്കാർ നിശ്ചയിച്ച നിരക്കിൽ മാത്രമേ ദിവസവേതനം നൽകാൻ പാടുള്ളുവെന്ന് 12-1-2010 ലെ എ3/06/2010/ഭരണം/സി-ഡിറ്റ് നമ്പർ പ്രൊസീഡിംഗ്സ് പ്രകാരം ഉത്തരവിറക്കിയിട്ടുണ്ട്. ദിവസവേതനക്കാർക്ക് വേതനം നിശ്ചയിച്ച് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് സി-ഡിറ്റിലെ ദിവസവേതനക്കാർക്കും വേതനം നൽകിയിരിക്കുന്നത്. ഇപ്പോൾ 2-5-11 ലെ ജി.ഒ (പി) നം. 204/2011/ഫിൻ ഉത്തരവ് പ്രകാരം 1-4-2011 മുതൽ പരിഷ്കരിച്ച വേതനവും ദിവസവേതന ജീവനക്കാർക്ക് നൽകിവരുന്നു.

ബി) സി-ഡിറ്റിലെ കരാർ ജീവനക്കാർക്ക് പ്രതിവർഷം എത്ര ശതമാനം ശമ്പള വർദ്ധനവാണ് 2007-2010 കാലയളവിൽ നൽകിയത്; ഇപ്രകാരം കരാർ ജീവനക്കാർക്ക് വർഷം തോറും 10% വരെ ശമ്പള വർദ്ധനവ് നൽകിയത് ഏത് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ്; ഇപ്രകാരം കരാർ ജീവനക്കാർക്ക് ശമ്പള വർദ്ധനവ് നൽകിയ കാലഘട്ടത്തിൽ സി-ഡിറ്റിലെ രജിസ്ട്രാർ ആരൊക്കെയായിരുന്നു എന്ന് വിശദമാക്കുമോ;

ബി) കരാർ ജീവനക്കാർക്ക് കരാർ പുതുക്കുന്ന അവസരത്തിൽ മുൻകാല പ്രവർത്തന മികവ് പരിശോധിച്ച് 10% ശമ്പളവർദ്ധനവ് അനുവദിച്ചിട്ടുണ്ട്. പെർഫോമൻസ് ഇവാലുവേഷൻ കമ്മിറ്റി ഓരോ ജീവനക്കാരന്റെയും പെർഫോർമൻസ് വിലയിരുത്തിയശേഷം ഡയറക്ടറുടെ അംഗീകാരത്തോടെയാണ് വർദ്ധനവ് നടപ്പിലാക്കുന്നത്. ടി കാലയളവിൽ ശ്രീ. കെ.ടി. ബാലഭാസ്കരനായിരുന്നു സി-ഡിറ്റിലെ രജിസ്ട്രാർ.

സി) സി-ഡിറ്റിൽ തുല്യ ജോലി നോക്കിവരുന്ന ജീവനക്കാർക്ക് നൽകുന്ന വേതനത്തിലും ലീവ് ഉൾപ്പെടെയുള്ള മറ്റ് കാര്യങ്ങളിലും ഉള്ള അന്തരം ഇല്ലാതാക്കാൻ സി-ഡിറ്റിലെ മുൻ ഡയറക്ടർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിരുന്നുവോ; എങ്കിൽ പ്രസ്തുത നടപടികൾ പ്രവർത്തിക മാക്കാതിരിക്കാൻ ഇടയായ കാരണങ്ങൾ വിശദമാക്കുമോ;

സി) ഇല്ല.

| | | |
|---|---|---|
| (ഡി) | സിഡിറ്റിലെ ദിവസവേതന ജീവനക്കാർക്ക് ക്ഷാമബത്ത വർദ്ധനവിന് ആനുപാതികമായി വേതന വർദ്ധനവ് നൽകിയ നടപടി പുനഃസ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ അപേക്ഷയിന്മേൽ മാനേജ്മെന്റ് എന്ത് നടപടി സ്വീകരിച്ചു; ഈ അപേക്ഷ തീർപ്പാക്കിയ വിവരം ബന്ധപ്പെട്ടവരെ യഥാസമയം അറിയിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ? | ടി അപേക്ഷ സിഡിറ്റിൽ ലഭിച്ചിരുന്നുവെങ്കിലും സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന ദിവസവേതനം നൽകുന്നതിന് മാത്രമേ സിഡിറ്റിന് സാധിക്കുകയുള്ളൂ. ആയതിനാൽ അപേക്ഷയിന്മേൽ നടപടികൾ ഒന്നും കൈക്കൊണ്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ